**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 222** **25-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വികസന മേഖലയിൽ സംസ്ഥാനത്തിന്റെ സമീപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യമൊട്ടാകെ ദളിത് ആദിവാസി സമൂഹം സാമൂഹിക സാമ്പത്തിക സാംസ്കാരിക നിലവാരത്തിൽ പൊതുസമൂഹത്തിൽ നിന്ന് ഏറെ പിന്നോക്കം നിൽക്കുമ്പോഴും സംസ്ഥാനത്തെ ദളിത് ആദിവാസി സമൂഹത്തിന് നിർണായക മുന്നേറ്റം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. കേരളത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, തൊഴിൽ, സംസ്കാരം തുടങ്ങി എല്ലാ വശങ്ങളിലും പുത്തനുണർവ് പ്രകടമായിട്ടുണ്ട്. പരമ്പരാഗത രീതിയിൽ നിന്നും മാറി ആധുനിക വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഏറെ മുന്നേറാൻ സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തും, വൈജ്ഞാനിക പഠന മേഖലകളിലും, വിദേശ പഠന കാര്യത്തിലും, ഐ.റ്റി- നിർമ്മിതബുദ്ധി സാങ്കേതിക മേഖലകളിലും ഏവിയേഷൻ, ഓട്ടോമൊബൈൽ, ആരോഗ്യം എന്നീ മേഖലകളിലും കൂടുതൽ പഠനാവസരങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ കാര്യക്ഷമവും നീതിയുക്തവുമായ വിനിയോഗം ദളിത് ആദിവാസി സമൂഹത്തിന് വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ ഉയർച്ച ഉണ്ടാക്കുന്നതിന് സഹായിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ ഉയർച്ച ഉണ്ടാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റ് വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ ഉന്നത വിദ്യാഭ്യാസ രംഗത്തും സ്കിൽ ഡെവലപ്മെന്റ് മേഖലയിലും, കൂടുതൽ തുക വകയിരുത്തി മികച്ച പ്രതിഭകളെ വാർത്തെടുക്കുന്നതിനും തൊഴിൽ സാധ്യത ഉറപ്പു വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്ററാക്ടീവ് ബോർഡുകൾ, ഡിജിറ്റൽ ലൈബ്രറികൾ മുതലായ സൗകര്യങ്ങൾ ഒരുക്കുക വഴി ഡിജിറ്റൽ പഠനം സാധ്യമാക്കാൻ സാധിച്ചു. സാമൂഹ്യ പഠനമുറികൾ വഴി കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി കൈവരിക്കാനും അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. ട്രൈബൽ പ്ലസ് പദ്ധതി മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ |

| | | | |
|---|---|---|---|
| | | | ദിനങ്ങൾ ലഭ്യമാക്കാനും, SAFE പദ്ധതി മുഖേന കൂടുതൽ വീടുകൾ വാസയോഗ്യമാക്കാനും കഴിഞ്ഞു. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ സമയബന്ധിതമായും അഴിമതിരഹിതമായും അർഹതപ്പെട്ടവരിലേക്ക് മാത്രം എത്തിക്കുന്നതിന് വിവര സാങ്കേതികവിദ്യയുടെ സഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ സമയബന്ധിതമായും അഴിമതിരഹിതമായും അർഹതപ്പെട്ടവരിലേക്ക് മാത്രം എത്തിക്കുന്നതിന് നിർമ്മിത ബുദ്ധിയുൾപ്പെടെയുള്ള ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായം ഉപയോഗിക്കുന്നുണ്ട്. ആനുകൂല്യങ്ങൾ മുഴുവനായും ഗുണഭോക്താവിലേക്കു തന്നെ എത്തിക്കുന്നതിന് DBT സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്. യൂട്യൂബ്, വെബ് സൈറ്റ് തുടങ്ങിയ സംവിധാനങ്ങൾ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിനിയോഗിക്കുന്നുണ്ട്. പ്രീമെട്രിക് പോസ്റ്റ്മെട്രിക് ആനുകൂല്യങ്ങൾക്കായി e-Grantz സോഫ്റ്റ് വെയറും, ചികിത്സാധനസഹായം T-Grantz Online site വഴിയും അനുവദിച്ചു വരുന്നു. വകുപ്പിലെ ക്ഷേമപദ്ധതികൾ കൂടുതൽ ഗുണഭോക്തൃ സൗഹൃദമാക്കുന്നതിനായി ഉന്നതി ഓൺലൈൻ പോർട്ടൽ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മുന്നേറ്റത്തിന്റെ അടിസ്ഥാനത്തിലുള്ള നിലവിലെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി ഒരു സമഗ്ര സർവേ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഓരോ കുടുംബത്തിനും പ്രത്യേകമായും, പ്രദേശത്തിന് പൊതുവായും വികസനം ലഭ്യമാകുന്ന രീതിയിൽ സൂക്ഷ്മതല ആസൂത്രണത്തിനായുള്ള സർവേ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസനവകുപ്പ് ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വികസനവകുപ്പിൽ 2024 മാർച്ച് 4-ന് ആരംഭിച്ച ഹോം സർവ്വേ പരിപാടിയിലൂടെ നിലവിൽ 6 ലക്ഷത്തിലധികം ആളുകളുടെ വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ